പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5865 09/07/2012 ൽ മറുപടിയ്ക്ക്

# റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി: | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | (എ) | റീസർവ്വേ സമയ ബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ 12 ജില്ലയിലെ 24 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനം ആരംഭിച്ചിരുന്നു. 21 വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തീകരിച്ച് സർവ്വെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചു. ഇതിൽ 2 വില്ലേജുകളിൽ സെക്ഷൻ (13) വിജ്ഞാപനം ആയിട്ടുണ്ട്. ബാക്കിയുള്ള 3 വില്ലേജുകളുടെ ഫീൽഡ് ജോലി അവസാന ഘട്ടത്തിൽ നടക്കുന്നു. |
| (ബി) | റീസർവ്വേയിൽ, നിശ്ചിത സമയത്തിനു ശേഷം ഉണ്ടാകുന്ന പരാതികൾ പരിഹരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള നടപടിക്രമങ്ങളെന്താണെന്ന് വ്യക്തമാക്കാമോ ? | (ബി) | റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയതിനു ശേഷം ഉണ്ടാകുന്ന പരാതികൾ താലൂക്കുകളിലെ എൽ.ആർ.എം. മുഖേന പരിഹരിച്ചു വരുന്നു. ഇതിനായി കൂടുതൽ ജീവനക്കാരെ എൽ.ആർ.എം. ൽ നിയോഗിച്ച് പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ